**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3812** **17-03-2025 - ൽ മറുപടിയ്ക്ക്**

**കയ്പമംഗലം മണ്ഡലത്തിലെ നവകേരള സദസ്സ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | നവകേരള സദസ്സിൽ കയ്പമംഗലം നിയോജക മണ്ഡലത്തിൽ എത്ര പരാതികളാണ് ലഭിച്ചത്; എത്ര പരാതികൾ തീർപ്പാക്കിയിട്ടുണ്ട്; ഇനി എത്ര പരാതികൾ തീർപ്പാക്കാൻ ബാക്കിയുണ്ട്; വകുപ്പുകൾ തിരിച്ചും പഞ്ചായത്ത് തിരിച്ചുമുള്ള വിശദാംശം ലഭ്യമാക്കുമോ; | (എ) | 4587 പരാതി ലഭിച്ചതിൽ 4403 പരാതികൾ തീർപ്പാക്കിയിട്ടുണ്ട്. ബാക്കിയുള്ള പരാതികൾ വിവിധതലങ്ങളിൽ പരിശോധിച്ചു വരുകയാണ്. മണ്ഡല അടിസ്ഥാനത്തിൽ നടത്തിയ നവകേരള സദസ്സിൽ ലഭിച്ച അപേക്ഷകളുടെ വിവരങ്ങൾ വകുപ്പ് തിരിച്ചും, പഞ്ചായത്ത് തിരിച്ചും ശേഖരിച്ചിട്ടില്ല. |
| (ബി) | നവകേരള സദസ്സിന്റെ ഭാഗമായി കയ്പമംഗലം നിയോജക മണ്ഡലത്തിൽ പ്രഖ്യാപിച്ച ഏഴ് കോടി രൂപയുടെ പ്രൊപ്പോസലുകൾക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകേണ്ടത് ഏത് വിഭാഗമാണെന്നും ഇതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്നും വിശദമാക്കാമോ? | (ബി) | സംസ്ഥാന ആസൂത്രണ ബോർഡ് സമർപ്പിച്ച മാർഗ്ഗ നിർദ്ദേശ പ്രകാരം പദ്ധതികളുടെ ഭരണാനുമതി/ സാങ്കേതിക അനുമതി എന്നിവ സംബന്ധിച്ച അന്തിമ തീരുമാനം ജില്ലാതലത്തിൽ കൈക്കൊള്ളേണ്ടതാണെന്നുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ